പത്രക്കുറിപ്പ്

**KERALA STATE COMMISSION FOR PROTECTION OF CHILD RIGHTS**
Vanross Junction, Kerala University P.O., Thiruvananthapuram – 695 034
Phone : 0471 – 2326603/04/05E-mail : pro.cpcr@gmail.com

**21.10.21**

# എട്ടാം ക്ലാസ് വിദ്യാർത്ഥിനിക്ക് ബഹ്റിനിൽ തുടർ പഠനത്തിന് പിതാവ് എൻ.ഒ.സി നൽകണം

**-ബാലാവകാശ കമ്മീഷൻ**

ബഹ്റിനിലെ ഏഷ്യൻ സ്കൂളിൽ പഠിച്ചിരുന്ന എട്ടാം ക്ലാസ് വിദ്യാർത്ഥിനിക്ക് തുടർ പഠനത്തിന് എൻ.ഒ.സി നൽകാൻ കുട്ടിയുടെ പിതാവ് മനു വർഗീസിനോട് നിർദ്ദേശിച്ച് സംസ്ഥാന ബാലാവകാശ കമ്മീഷൻ ഉത്തരവായി. നിയമപരമായി വിവാഹ മോചനം നേടാത്ത അച്ഛൻ അമ്മയുടെ വിസ റദ്ദാക്കുകയും കുട്ടിയേയും അമ്മയേയും നാട്ടിലുപേക്ഷിച്ച് ബഹ്റിനിലെ സ്കൂളിൽ പഠിക്കാനുള്ള തന്റെ അവസരം നിഷധിച്ചതായുള്ള കുട്ടിയുടെ പരാതി പരിഗണിച്ച് കമ്മീഷൻ അംഗം റെനി ആന്റണിയാണ് ഉത്തരവ് പുറപ്പെടുവിച്ചത്.

മനു വർഗീസ് ഉത്തരവ് കൈപ്പറ്റി ഒരാഴ്ചക്കുള്ളിൽ കുട്ടിക്ക് എൻ.ഒ.സി നൽകണം. കുട്ടിയോടൊപ്പം ബഹ്റിനിൽ പോകുന്നതിനുള്ള വിസ ആവശ്യങ്ങൾക്ക് അമ്മയ്ക്ക് എൻ.ഒ.സി ഇ-മെയിലായും നൽകണം. കുട്ടികളുടെ അവകാശ സംരക്ഷണവുമായി ബന്ധപ്പെട്ട് ഐക്യ രാഷ്ട്രസഭ നടത്തിയ പ്രഖ്യാപനം ബഹ്റിൻ അംഗീകരിച്ചിട്ടുള്ളതാണ്. ഉത്തരവ് അനുസരിക്കാൻ മനു വർഗീസ് തയ്യാറാകാത്തപക്ഷം കുട്ടിക്ക് അമ്മയ്ക്കൊപ്പം ബഹ്റിനിൽ പോകാനും തുടർ പഠനത്തിനുള്ള എൻ.ഒ.സി ഉൾപ്പെടെ ലഭ്യമാക്കാനും ബഹ്റിനിലെ ഇന്ത്യൻ അംബാസഡർ നടപടി സ്വീകരിക്കണമെന്ന് കമ്മീഷൻ ശിപാർശ ചെയ്തു. ഇതിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് 30 ദിവസത്തിനകം റിപ്പോർട്ട് നൽകാനും കമ്മീഷൻ നിർദ്ദേശം നൽകി.

തിരുവല്ല സ്വദേശിയായ കുട്ടി അമ്മയും അച്ഛനുമൊത്ത് ബഹ്റിനിൽ താമസിക്കുകയായിരുന്നു. കുടുംബ പ്രശ്നങ്ങളെ തുടർന്ന് അടുത്തിടെ കുട്ടിയെയും അമ്മയെയും കേരളത്തിൽ വിട്ട് അച്ഛൻ ബഹ്റിനിൽ പോവുകയും അവരറിയാതെ സ്കൂളിൽ നിന്നും റ്റി.സി വാങ്ങി നാട്ടിൽ അയക്കുകയുമായിരുന്നു. അമ്മയ്ക്ക് ബഹ്റിനിൽ പോകാൻ ഉടൻ വിസ ശരിയാകുമെന്നും തനിക്ക് ബഹ്റിനിൽ തുടർന്ന് പഠിക്കുന്നതിന് അമ്മയോടൊപ്പം പോകാൻ എൻ.ഒ.സി അനുവദിക്കാൻ അച്ഛന് കമ്മീഷൻ നിർദ്ദേശം നൽകണമെന്നും കുട്ടി പരാതിപ്പെടുകയായിരുന്നു. കമ്മീഷൻ കൂടിക്കാഴ്ചയിൽ അമ്മയോടൊപ്പം കുട്ടി പങ്കെടുക്കുകയും അച്ഛൻ വിട്ടു നിൽക്കുകയും ചെയ്തു.

പബ്ളിക് റിലേഷൻസ് ഓഫീസർ